LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിര ആവാസ് യോജന

19 (1490) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിര ആവാസ് യോജന അനുസരിച്ച് വിട് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് സൗജന്യമായി കുറഞ്ഞത് 30 വർഷമെങ്കിലും നിലനിൽക്കുന്ന വീടുകൾ നിർമ്മിച്ചുനൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യുക 70,000 രൂപയാണ്. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കുമൂലമുണ്ടായ ബാധ്യതയിൽ വീടൊന്നിന് 2012-13-ൽ 75000 രൂപയും, 2013-14 മുതൽ 50,000 രൂപ വീതം സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകിവരുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ യുക നൽകുന്നതിലേയ്ക്കായി ഒരു ലക്ഷം രൂപ വീതം പട്ടികജാതി വകുപ്പും 50,000 രൂപ വീതം പട്ടികവർഗ്ഗ വകുപ്പും വഹിച്ചുവരുന്നു. ബാക്കിയുള്ള യുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നുണ്ട്.

(സി) 2015-16 വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തി എഗ്രിമെന്റ് വച്ച് ധനസഹായം നൽകുന്നുണ്ട്. ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് സംസ്ഥാനത്ത് നിന്നും നേരിട്ട് നൽകിവരുന്നു. 104.46 കോടി രൂപ 30-11-2015 വരെ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാംഗഡു തുക ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

പദ്ധതി അടങ്കൽ തുക

20 (1491) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ പദ്ധതി അടങ്കൽ തുക എത്രയാണ്;

(ബി) ഓരോ വകുപ്പും പദ്ധതിയിനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത തുക വകുപ്പുകൾക്ക് അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം വരും ?

<u>ഉത്തരം</u>

(എ) 2015-16-ൽ വാർഷിക പദ്ധതികൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 20,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് അനുബന്ധമായി നൽകുന്നു*.

നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ്

21 (1492) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സസ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly